**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2944** **07-10-2025 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭവനം, കുടിവെള്ളം, റോഡ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനോടൊപ്പം അവരുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്; വിശദമാക്കാമോ; | (എ) | **ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന പുനരധിവസിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം, കുടിവെള്ളം, റോഡ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കായി പദ്ധതി രൂപീകരിച്ച് മിഷൻ്റെ ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും ഫണ്ട് ചെലവഴിച്ച് നടപ്പിലാക്കുന്നു. പുനരധിവാസ കുടുംബങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിന് വന്യമൃഗ ആക്രമണ പ്രതിരോധത്തിനായി സോളാർ ഫെൻസിംഗ് പോലുള്ള പദ്ധതികളും നടപ്പിലാക്കുന്നു. വന്യമൃഗ ശല്യം രൂക്ഷമായ കണ്ണൂർ ജില്ലയിലെ ആറളം പുനരധിവാസ മേഖലയിൽ 53,23,40,000/- രൂപ ചെലവഴിച്ച് പൊതുമരാമത്ത് വകുപ്പ് മുഖേന ആനമതിലിൻ്റെ നിർമ്മാണം നടന്നുവരുന്നു.** |
| (ബി) | ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നാളിതുവരെയായി പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് എത്ര ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | വനാവകാശ നിയമം, റവന്യൂ ഭൂമി വിതരണം, ഭൂമി വാങ്ങി നൽകൽ പദ്ധതി, ലാൻ്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതി, പ്രളയ പുനരധിവാസ പദ്ധതി തുടങ്ങിയ പദ്ധതികൾ പ്രകാരം ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നാളിതുവരെ 41774 ഗുണഭോക്താക്കൾക്കായി 51857.30 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. |
| (സി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ സാമൂഹിക, സാമ്പത്തിക, ആരോഗ്യ രംഗങ്ങളിൽ മുഖ്യധാരയിൽ എത്തിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | വിശദാംശം അനുബന്ധം-1ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

പട്ടികവർഗ്ഗക്കാരെ സാമൂഹിക സാമ്പത്തിക ആരോഗ്യ രംഗങ്ങളിൽ മുഖ്യധാരയിൽ എത്തിക്കുന്നതിനായി നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- ഭക്ഷ്യ സഹായ പദ്ധതി
- കൈത്താങ്ങ്
- പൂൾഡ് ഫണ്ട് പദ്ധതികൾ
- അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി.
- പെൺകുട്ടികൾക്കായുള്ള വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം
- കോർപ്പസ് ഫണ്ട് പദ്ധതികൾ
- പട്ടികവർഗ്ഗ പ്രൊമോട്ടർമാർ
- ഊരുകൂട്ടങ്ങളുടെ സംഘാടനം
- പ്രധാനമന്ത്രി ആദി ആദർശ് യോജന (പ്രത്യേക കേന്ദ്ര സഹായ പദ്ധതികൾ)
- ഭവനരഹിതർക്ക് ഭവനം
- ഭവന പുനരുദ്ധാരണം/പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം (സേഫ്)
- പട്ടികവർഗ്ഗ ക്ഷേമ സ്ഥാപനങ്ങളുടെ ധനസഹായം
- ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഗ്രാന്റിൽ നടപ്പിലാക്കുന്ന പദ്ധതികൾ
- ഏറ്റവും പിന്നോക്കമായ പട്ടിക വർഗ്ഗക്കാർക്കുള്ള തൊഴിൽ പരിശീലനം
- പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം
- വിവര വിനിമയ വിദ്യാഭ്യാസ പദ്ധതി (IEC)
- പ്രതിബദ്ധതയുള്ള സാമൂഹ്യ പ്രവർത്തകരുടെ സേവനം
- കമ്മ്യൂണിറ്റി കിച്ചൺ
- ലാന്റ് ബാങ്ക് പദ്ധതി/ പുനരധിവാസം പദ്ധതികൾ (TRDM)
- വംശീയ വൈദ്യൻമാർക്ക് ധനസഹായം
- പി.കെ കാളൻ കുടുംബ ക്ഷേമ പദ്ധതി
- ആറളം സമഗ്ര പാക്കേജ്
- ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമാക്കൽ
- അട്ടപ്പാടി കോർപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി- ആറളം ഫാം പുനരുദ്ധാരണ പാക്കേജ്
- കേരള ട്രൈബൽ പ്ലസ് പദ്ധതി
- ഗോത്ര ജീവിക
- മില്ലറ്റ് വില്ലേജ്
- സോഷ്യൽ വർക്കർമാർ
- നമത്ത് വെള്ളാമെ പദ്ധതി
- ഹരിത രശ്മി
- ഇടമലക്കുടി സമഗ്ര പാക്കേജ്

- വനാവകാശ നിയമം നടപ്പിലാക്കൽ
- അതിക്രമം തടയൽ നിയമ പ്രകാരം ധനസഹായം
- ഉന്നതി -സംരംഭകത്വം വികസന പരിപാടികയും സ്റ്റാർട്ടപ്പുകളും (പുതിയ പദ്ധതി )
- പ്രീ-മെട്രിക്-സ്കോളർഷിപ്പ് പദ്ധതി-നോൺ പ്ലാൻ ഇനത്തിൽ
- പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി- 9,10 ക്ലാസ്സുകളിൽ (75 % കേന്ദ്രാവിഷ്കൃത പദ്ധതി)
- പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി -നോൺ പ്ലാൻ ഇനത്തിൽ
- പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി (കേന്ദ്ര സർക്കാർ സ്കോള ർഷിപ്പ് പദ്ധതി)
- ഹോസ്റ്റലുകൾ / എം ആർ എസുകൾ
- വിദേശപഠനത്തിനുള്ള ധനസഹായം
- അന്യസംസ്ഥാന പഠനം
- അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി
- സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.
- മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ച വർക്കുള്ള ധനസഹായം
- പട്ടികവർഗ വിദ്യാർത്ഥികൾക്ക് പൊതു പ്രവേശനപരീക്ഷാ പരിശീ ലനം.
- ലാപ്ടോപ്പ് വിതരണം
- സാമൂഹ്യപഠന മുറി
- ഗോത്രബന്ധു പദ്ധതി
- വിദ്യാവാഹിനി പദ്ധതി
- സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം
- ട്യൂട്ടോറിയൽ ഗ്രാന്റ്
- ഭാരത ദർശൻ (പ്രത്യേക ദുർബല ഗോത്ര വിഭാഗം), സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്ര
- രക്ഷിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ്
- വസ്ത്ര വിതരണം
- അനാഥരായ കുട്ടികൾക്കുള്ള സഹായം
- മോഡൽ പ്രീ സ്കൂളുകളുടെ നടത്തിപ്പ്
- സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിചികിത്സാ ധനസഹായം
- അരിവാൾ രോഗികൾക്കുള്ള സാമ്പത്തിക സഹായം
- ആംബുലൻസ് സേവനം, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ
- ജനനി ജന്മരക്ഷാ പദ്ധതി
- അടിയ, പണിയ, പ്രാക്തനഗോത്രവർഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗക്കാർ എന്നിവർക്കായുള്ള പ്രത്യേക പദ്ധതികൾ
- പട്ടികവർഗ്ഗ ദുരിതാശ്വാസ നിധി, ഏകവരുമാനദായകന്റെ മരണം മൂലം കഷ്ടത അനുഭവിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം. തുടങ്ങിയവ.